# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി കെ.ടി.എം പി6/943/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി കെ.ടി.എം പി6/943/2021 തീയ്യതി: 24/08/2021

## കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുലത ഡി , ഓഡിറ്റ് ഓഫീസർ
സ്മിത ജി നായർ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

അമ്പിളി യു ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിനീത് രാജൻ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉഷാകുമാരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| കെ ബിനിമോൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കെ സുരേഷ് കുമാർ | സെക്രട്ടറി | 01-04-2020 | 15-06-2020 |
| എസ് ദേവി പാർവതി | സെക്രട്ടറി | 16-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ ഗോപി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| മനോജ് മുകുന്ദൻ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഡോ. ജോൽസ്ന ബഷീർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. ധന്യ രവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. ശ്രീദേവി കെ എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ബിജു വർഗീസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡെലിൻ കെ പി | എച്ച് എം | 01-04-2020 | 31-03-2021 |
| സജിത സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ദിവ്യശ്രീ റ്റി ആർ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീവിദ്യ എൽ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബ്ലസ്സി ജോഷി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| മനോജ് കുമാർ എം | ഡയറി ഫാം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |

12.11.2020 **മുതൽ** 29.11.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-08-2021) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം.<br>Written By: Ambili.U (Senior Grade Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ambili.U (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം.<br>Written By: Ambili.U (Senior Grade Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-6 |
| 7 | ക്ഷേമപദ്ധികൾ<br>Written By: Ambili.U (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-10 |
| 11 | റവന്യൂ റിക്കവറി നടപടിയിലൂടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 165107/- പിരിച്ചെടുത്തു.<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-11 |
| 12 | ചെക്കുതുകകൾ ബാങ്ക് ട്രഷറി അക്കൗണ്ടിൽ വരവുവയ്കപ്പെടുന്നതിലെ കാലതാമസം നിരീക്ഷിക്കുന്നില്ല<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-12 |
| 13 | തൊഴിൽനികുതി - അപാകതകൾ<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-13 |
| 14 | ഫാക്റ്ററികൾക്കുംവ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ--പഞ്ചായത്തിലുള്ള വിവിധ കച്ചവട സ്ഥപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു.<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-14 |
| 15 | ടെൻഡർ ഫീസിനത്തിൽ ഈടാക്കിയ തുക പഞ്ചായത്ത്ഫണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-15 |

| | | |
|---|---|---|
| 16 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 29034രൂപ അവശേഷിക്കുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-08-2021) | 1-16 |
| 17 | വക്കീൽ ഫീസ് നൽകൽ- അധികം നൽകി<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-08-2021) | 1-17 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- കട്ടിലുകൾ ലഭിച്ചിട്ടില്ല- 87000/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-18 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ-വിതരണ വിവരം ലഭ്യമല്ല-130500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-18 (എ) |
| 20 | വെള്ളക്കരം ഇനത്തിൽ വലിയ കുടിശ്ശിക<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-19 |
| 21 | ഇലക്ട്രിക്ക് പോസ്റ്റുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-20 |
| 22 | ആയുർവേദാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല-88480 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-21 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - ലഭ്യമാകാത്ത മരുന്നുകളുടെ വിലയിനത്തിലുള്ള 70220/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-22 |
| 24 | പാലിയേറ്റീവ് പരിചരണം- ലഭ്യമാകാത്ത മരുന്നുകൾ / ഉപകരണങ്ങളുടെ വിലയിനത്തിലുള്ള 75113 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-23 |
| 25 | ടെണ്ടർ കുറവ് നടത്തിയില്ല- കരാറുകാരന് അധികം തുക നൽകി<br>Written By: Smitha G Nair (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-24 |
| 26 | വിതരണ രേഖകൾ ലഭ്യമായില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-25 |
| 27 | എബിസി പ്രോജക്ട് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-26 |
| 28 | വിവിധ നിക്ഷേപപ്രവൃത്തികൾ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 1-27 |
| 29 | പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ലഭിച്ച 3,665,648/- | 1-28 |

| | | |
|---|---|---|
| | രൂപയുടെ വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു..<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | Written By: Anju P Natarajan (Computer Assistant, On 24-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം.<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം.<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-07-2021) | 4-8 |
| 9 | സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 24-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.<br>Written By: Ambili.U (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 24-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

27-2-2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച 2020-21വർഷത്തെ കരട്ബജറ്റ് 20-3-20-ലെ ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും 26-3 20-ലെ 2-ാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റി ബജറ്റ് അംഗീകരിക്കുകയും ചെയ്തു. അംഗീകരിച്ച ബജറ്റിന്റെ വരവുചെലവുവിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 6920820 |
| വരവ് | 201041220 |
| ആകെ | 207962040 |
| ചെലവ് | 194710000 |
| നീക്കിയിരിപ്പ് | 13252040 |

ധനകാര്യസ് റ്റാന്റിംഗ് കമ്മിറ്റിയുടെ 22-1-21- ലെ യോഗതീരുമാനപ്രകാരം ( തീരുമാനം - III) തൻവർഷത്തെ ബജറ്റ് പുതുക്കി അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതുപ്രകാരമുള്ള വരവുചെലവുവിശദാംശങ്ങൾ ലഭ്യമല്ല. ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഓ ( ആർ ടി) 3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല.
ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

### 1-2 വാർഷികകണക്കുകളുടെ അവലോകനം.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31.05.2021-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 16,489,128 രൂപയും തൻവർഷ വരവ് 71,915,623 രൂപയും തൻവർഷചെലവ് 70,311,535 രൂപയും വർഷാവസാന നീക്കിയിരിപ്പ് 18,093,216രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 133,726,820 രൂപയും ആകെ ചെലവ് 137,807,392 രൂപയും ആകുന്നു. 31.3.21 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 70,031,473രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 1,505,492 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 7,152,575 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ ബി7,ബി18ഷെഡ്യൂളുകളിലെ ഓരോ ഹെഡിലെയും നീക്കിയിരുപ്പ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.

2. വാർഷികധനകാര്യപത്രിക പ്രകാരമുള്ള തൊഴിൽനികുതിയുടെ ഡി സി ബി തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3. MNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4.പ്രത്യേക ആവശ്യത്തിന് ലഭിക്കുന്ന ഗ്രാന്റുകളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഗ്രാന്റുകളുടെ വരവ് ചെലവ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

5.വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡി സി ബി തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6.ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

എ) സംക്ഷിപ്ത വിവരം.

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 16,489,128 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71,915,623 |
| ആകെ | 88,404,751 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70,311535 |
| നീക്കിയിരുപ്പ് | 18,093,216 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22627 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3539384 |

## 1-4 ഫണ്ട് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ്+ജി ഒ പ്രോജക്റ്റ് ഉൽപ്പെടെ | ആകെ | ചെലവ് +ജി ഒ പ്രോജക്റ്റ് ഉൾപ്പെടെ | നീക്കിയിരിപ്പ്/ ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21,470,001 | 21,470,001 | 21,295,402 | 174,599 | 99.1 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 6,929,000 | 6,929,000 | 5,881,480 | 1,047,520 | 84.88 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 40,000 | 40,000 | 36,000 | 4,000 | 90 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 5,850,000 | 5,850,000 | 4,573,667 | 1,276,333 | 78.18 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 10,913,378 | 10,913,378 | 8,865,642 | 2,047,736 | 81.23 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 7,112,000 | 7,112,000 | 6,509,108 | 602,892 | 91.522 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 4,202,000 | 4,202,000 | 3,903,931 | 298,069 | 92.90 |
| എംജിഎൻആർഇജിഎസ് | 2109 | 65688731 | 65690840 | 65685486 | 5354 | |
| ടി.എസ്.സി.(ഒ ഡി ഫ്) | 353,674 | 0 | 353,674 | 0 | 353,674 | |
| ഐസിഡിഎസ് | 697736 | 574,177 | 1,271,913 | 400000 | 871913 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 24524 | 300000 | 324524 | 300000 | 24524 | |

ജി ഒ പ്രൊജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ് സി.പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ഗ്രാന്റ് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷികപദ്ധതിക്ക് 20-3-20-ലെ 1-ാം തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 3-2-21-ലെ 80898/20/DPC/DPO/KTM/നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. 2020-21- പദ്ധതിപ്രവർത്തനത്തിന്റെ ഭാഗമായി 2-1-20-ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൻവർഷം ഊരുകൂട്ടയോഗം , വികലാംഗഗ്രാമസഭ, വയോജനഗ്രാമസഭ എന്നിവ നടത്തിയിട്ടില്ല. 7-2-20-ൽ വികസനസെമിനാർ നടത്തുകയുണ്ടായി. 20-21 വർഷം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി മാത്രമേ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുള്ളൂ. എന്നാൽ ഇതുസംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ആകെ 217 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 177 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിരുന്നതിനേക്കാൾ അധികതുക വാർഷികപദ്ധതിക്ക് വകയിരുത്തിയതിനാൽ വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 51% മാത്രമാണ്. നിർവ്വഹണച്ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ചെലവു വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | തുക ചെലവഴിച്ചിട്ടുള്ളവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവുശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 5838705 | 4471545 | 76.58% |
| വെറ്ററിനറി സർജൻ | 13 | 12 | 4504000 | 2526637 | 56 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 5 | 849000 | 748218 | 88 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 175000 | 174934 | 99.96 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 4 | 525000 | 524993 | 99.99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 3 | 2620418 | 639907 | 24 |
| വി.ഇ.ഓ | 28 | 27 | 46417238 | 10796437 | 23.25 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 8 | 3702568 | 3562077 | 96 |
| സെക്രട്ടറി | 33 | 27 | 9567071 | 7833125 | 81.8 |
| ഹെഡ് മാസ്റ്റർ | 3 | 2 | 220588 | 170588 | 77 |
| അസിസ്റ്റന്റ് എൻജിനീയർ | 103 | 75 | 38335060 | 26098622 | 68 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 304022 | 291932 | 96 |
| | 217 | 177 | 113058670 | 57839015 | 51.15% |

### പ്രളയദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിന്റെ 2019-20 ബജറ്റിൽ പ്രത്യേകമായി വകയിരുത്തിയിരുന്ന വികസനഫണ്ട് വിഹിതം തലയാഴം പഞ്ചായത്തിനും അനുവദിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12-12-2019- ലെ സ.ഉ. (സാധാ) നം 9823/2019 പ്രകാരം പൊതുവിഭാഗത്തിലും പട്ടികജാതിവിഭാഗത്തിലുമായി ആകെ 92,75000/-രൂപ അനുവദിക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം അനുവദിക്കപ്പെട്ട തുക 2019-20 വർഷം ചെലവഴിക്കാൻ സാധിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 20-21 പുനരനുവദിച്ച് ലഭിക്കുകയുണ്ടായി. ടി തുക പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മിതിക്കും മെയിന്റനൻസിനുമായി വിനിയോഗിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 211 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 967 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 624 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 409 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 20694 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2527കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകൾ ആഴംകൂട്ടൽ, ഭൂവികസനപ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ, തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കൽ , തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത് .തൻവർഷത്തെ വരവുചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2109 | 1506543 | 1508652 | 1503298 | 5354 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | 0 | 64182188 | 64182188 | 64182188 | 0 |
| ആകെ | 2109 | 65688731 | 65690840 | 65685486 | 5354 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 63360 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 1558400 | 1167 |
| വിധവാ പെൻഷൻ | 60200 | 532 |
| വാർദ്ധക്യകാല പെൻഷൻ | 2121000 | 1720 |
| വികലാംഗ പെൻഷൻ | 388600 | 282 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ | 724800 | 43 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ 14.07.2021 നടത്തുകയുണ്ടായി. പരിശോധനയിൽ 2210/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം ചുവടെ വിശകലനം ചെയ്യുന്നു.

കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ

ഗ്രാമപഞ്ചായത്ത് ധന ഇടപാട് നടത്തുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ അക്കൗണ്ടുകളുടേയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് സ്റ്റേറ്റ്മെന്റ് അഥവാ പാസ്ബുക്ക് ക്രമമായി സൂക്ഷിച്ചിട്ടില്ല. പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പുനപരിശോധനയ്ക്ക്

പര്യാപ്തമായ രീതിയിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഭരണപരമായ പൊതു ആവശ്യത്തിനായി വിനിയോഗിക്കാനുള്ള 10 ലക്ഷത്തിലധികം വരുന്ന സർക്കാർഗ്രാന്റ് ഗ്രാമപഞ്ചായത്തിന് നഷ്ടമായത് കാഷ്, ബാങ്ക് അക്കൗണ്ടുകളിന്മേൽ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമായിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

<u>രസീതുബുക്കുകളുടെ സൂക്ഷിപ്പ്</u>

രസീതുബുക്കുകളുടെ സൂക്ഷിപ്പിൽ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല .പഞ്ചായത്ത്കാര്യാലയത്തിൽ രസീതുകൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥരുടെ കാര്യത്തിൽ രസീതുബുക്കുകളുടെ വിതരണവും കൃത്യമായ ഉപയോഗവും നിരീക്ഷിക്കപ്പെടുന്നില്ല. ഇക്കാരണത്താൽ നിർവ്വഹണോദ്യോഗസ്ഥർക്ക് പണംപിരിവിനായി നൽകുന്ന ബുക്കുകൾ ഉപയോഗിക്കുന്നുണ്ടോയെന്നും ഉപയോഗിക്കാത്ത ബുക്കുകളും ഉപയോഗിച്ചു കഴിഞ്ഞവയും പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കപ്പെടുന്നില്ല. രസീതുബുക്കുകളുടെ സൂക്ഷിപ്പിലും കൈകാര്യം ചെയ്യലിലും ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും മേൽപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫ്രണ്ട് ഓഫീസിൽ പ്രത്യേക സാഹചര്യങ്ങളിൽ ഒരു ദിവസം ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുമ്പോൾ ആദ്യം പണം കൈകാര്യം ചെയ്തിരുന്ന ആളിന്റെ ലോഗിൻ, പാസ്‌വേഡ് എന്നിവ തന്നെ രണ്ടാമത്തെ ആളും ഉപയോഗിക്കുന്ന രീതി പിൻതുടരുന്നു. ആയതിനാൽ സുരക്ഷിതമായ രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നില്ല.

<u>ഭരണപരമായ കാര്യങ്ങൾ</u>

കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ചു പോകുമ്പോൾ കൈകാര്യചുമതലയുണ്ടായിരുന്ന ഫയലുകൾ ലിസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമായി ചുമതലാകൈമാറ്റം നടത്തുന്നില്ല. വിവിധ ആവശ്യങ്ങൾക്കായി സ്വകാര്യവ്യക്തികൾ പഞ്ചായത്തിനു വിട്ടുനൽകുന്ന ഭൂമികൾ ആസ്തിയിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത്കമ്മറ്റി തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായ തുടർപ്രവർത്തനങ്ങൾ നടത്തുകയോ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട തുടർനിരീക്ഷണം നടതതുകയോ ചെയ്യുന്നില്ല.

മേൽവിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

<u>ബജറ്റും ബജറ്ററി കൺട്രോളും</u>

ബജറ്റ് തയ്യാറാക്കുന്നതിന് നിയമാനുസൃത നടപടികൾ പൂർണ്ണമായും പാലിച്ചിട്ടുള്ളതായി വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ടെങ്കിലും ബജറ്റ് ധനവിനിയോഗത്തിലെ സമ്പൂർണ്ണ നിയന്ത്രണത്തിനുള്ള ഒരു ഉപാധിയായി വർത്തിക്കുന്നില്ല.

<u>അക്കൗണ്ടിംഗ് സിസ്റ്റം</u>

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചു വരുന്നു. ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ എല്ലാ ധനകാര്യ ഇടപാടുകളെയും പ്രവർത്തനങ്ങളേയും പൊതുവായി പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും ആസ്തി/ബാധ്യതകളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല. വാടക, കെട്ടിടനികുതി മുതലായ വരവിനങ്ങൾ ബന്ധപ്പെട്ട രേഖകൾപ്രകാരമുള്ള കണക്കുകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ നിയന്ത്രണസംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

<u>രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ്</u>

തൊഴിൽനികുതി, വാടക, ലേലം, ലൈസൻസ് തുടങ്ങിയ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും

രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡിസിബി തുകകൾ വാർഷികകധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ചെലവിനങ്ങളുമായി ബന്ധപ്പെട്ട്_വൗച്ചറുകൾ കൃത്യമായി തയ്യാറാക്കി ചെലവിനാധാരമായ എല്ലാ രേഖകളും സഹിതം ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പിൽ നിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2019 | 02/19 | --------- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 | 2012/13-2016-17 | LBA(HQ)II/I/8B,1302/17-18/266 Dt.27.11.17 |

## 1-11 റവന്യൂ റിക്കവറി നടപടിയിലൂടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 165107/- പിരിച്ചെടുത്തു.

തലയാഴം പഞ്ചായത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വസ്തുനികുതി പരിശോധനയിൽ 2014-15 മുതലുള്ള കുടിശ്ശിക അടവാക്കാനുണ്ടായിരുന്ന എൺപതോളം നികുതിദായകരിൽ നിന്നും 1,65,107 രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളതായി കണ്ടു. കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തി കുടിശ്ശികക്കാർക്ക് വീടുകൾതോറും ആർ .ആർ നോട്ടീസുകൾ വിതരണം ചെയ്ത് റവന്യൂ റിക്കവറി നടപടികളിലൂടെയാണ് 2020-21 വർഷം ഇപ്രകാരം തുക പിരിച്ചെടുത്തിട്ടുള്ളത് . തനത് വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തിൽ പ്രതികൂല സാഹചര്യങ്ങളിൽ പോലും ജീവനക്കാരുടെ പരിശ്രമംകൊണ്ട് കുടിശ്ശിക തുക പിരിച്ചെടുക്കാൻ സാധിച്ചത് മികച്ച മാതൃകയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് മികച്ച പ്രവർത്തനങ്ങൾ തുടരേണ്ടതും നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-12 ചെക്കുതുകകൾ ബാങ്ക് ട്രഷറി അക്കൗണ്ടിൽ വരവുവയ്ക്കപ്പെടുന്നതിലെ കാലതാമസം നിരീക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വൈക്കം തൊഴിൽ നികുതിയിനത്തിൽ ലഭ്യമാക്കിയ 22000 രൂപയുടെ 715576/18.03.21നമ്പർ ചെക്ക് (ധനലക്ഷ്മി ബാങ്ക്) 30.03.21 ൽ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട് (120020500028 നമ്പർ രസീത്). മേൽ ചെക്ക് കളക്ഷനായി അന്നേ ദിവസം തന്നെ ബാങ്കിൽ (ഉല്ലല സർവ്വീസ് സഹകരണ ബാങ്ക് തലയാഴം ശാഖ) ലഭ്യമാക്കിയെങ്കിലും മേൽ തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിരുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തി 28.07.21-ൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് ഇതേ തീയതിയിൽ മേൽതുക അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖകൾ ഹാജരാക്കി. ക്യാഷ് ,ബാങ്ക് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പരിശോധന യഥാസമയങ്ങളിൽ കൃത്യമായി നടത്തിപ്പോരാത്തതിനാലാണ് 30.03.21 ൽ കളക്ഷനായി നൽകിയ ചെക്ക് 4 മാസമായിട്ടും അക്കൗണ്ടിൽ വരവുവയ്ക്കാതിരുന്ന കാര്യം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത്. ആയതിനാൽ മേൽസാഹചര്യം ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

കൂടാതെ 22.02.21 ൽ 500027 രസീത്പ്രകാരം പഞ്ചായത്തിൽ ലഭ്യമായ 6458252 (തീയതി 22.2.21) നമ്പർ കാഷ്ചെക്ക് (8100 രൂപ - സബ് രജിസ്ട്രാർ തലയാഴം വസ്തു നികുതിയിനത്തിൽ ലഭ്യമാക്കിയ തുക) 23.02.21 ൽ കളക്ഷനായി ബാങ്കിൽ (ഉല്ലല സർവ്വീസ് സഹകരണ ബാങ്ക്) ലഭ്യമാക്കിയെങ്കിലും മേൽ തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(18/28.07.21) മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ സമയബന്ധിതമായി തയ്യാറാക്കാത്തതാണ് ഇത്തരം അപാകതകളുണ്ടാകാൻ ഇടയാക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ ധനയിടപാടുകളുടെ മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതും ബാങ്ക് റീകൺസിലിയേഷൻ അതത് മാസം പൂർത്തീകരിക്കേണ്ടതുമാണ്.

## 1-13 തൊഴിൽനികുതി - അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്ന് ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൃഷി ഓഫീസർ,തലയാഴം | 1,2 |
| 2 | സരസ്വതി ബാങ്കേഴ്സ് ഉല്ലല | 1,2 |
| 3 | പുത്തൻ തറയിൽ ബാങ്കേഴ്സ് | 1,2 |
| 4 | പ്ലാത്താനത്ത് ഫിനാൻസിയേഴ്സ് | 1,2 |
| 5 | ഐശ്വര്യ ബാങ്കേഴ്സ് | 1,2 |
| 6 | മറ്റപ്പള്ളി ബാങ്കേഴ്സ് | 1,2 |
| 7 | വിവിധ കള്ളുഷാപ്പുകൾ, മിൽക്ക് സൊസൈറ്റികൾ | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/24.07.21) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കുംവ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ--പഞ്ചായത്തിലുള്ള വിവിധ കച്ചവട സ്ഥപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ 14 കച്ചവടസ്ഥപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (19/21)മറുപടി ലഭിച്ചില്ല . ലൈസൻസ് പുതുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് വിവരം | സ്ഥാപനം |
|---|---|---|
| 1 | ചന്ദ്രൻ കെ പി | റൈസ് മിൽ,ഫ്ലവർമിൽ |
| 2 | പി എ വർഗീസ് | കൊപ്രാ സംസ്കരണം |
| 3 | രാമചന്ദ്രൻ | പലചരക്ക് , |
| 4 | അനന്തു എ -6 | മത്സ്യക്കച്ചവടം |
| 5 | സുപ്രീയ | ബേക്കറി സ്റ്റേഷനറി |
| 6 | എം എസ് ശിവജി | വസ്ത്രവ്യാപാരം |
| 7 | എ ജെ ജോൺ അരേശേരിൽ | ഫർണ്ണീച്ചർ വ്യാപാരം |
| 8 | ധന്യാമോൾ, തെക്കെ മൂലക്കരി-12 | ഫ്ലവർമിൽ |
| 9 | സുരേഷ് എ കെ, ആശാരി പറമ്പിൽ | കമ്പ്യൂട്ടർ സെന്റർ |
| | | |

| | | |
|---|---|---|
| 10 | പി കെ ശശികുമാർ | എഞ്ചിനീയറിംഗ് വർക്സ് |
| 11 | സി നി കെ വി | ഹോട്ടൽ |
| 12 | മംഗളദാസ് | പെയിന്റ് ഗ്ലാസ് വിൽപ്പന |
| 13 | സജിത | പ്രസ്സ് |
| 14 | കുര്യച്ചൻ | മില്ല് |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളുടെയും സ്ഥിതിവിവരകണക്ക് ശേഖരിച്ച് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ടി ലിസ്റ്റ് പ്രകാരം കേരള പഞ്ചായത്ത് രാജ്നിയമം 1996 ചട്ടം(3) പട്ടിക (1) ൽ ഉൾപ്പെടുന്ന എല്ലാ വ്യാപരസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ടെൻഡർ ഫീസിനത്തിൽ ഈടാക്കിയ തുക പഞ്ചായത്ത്ഫണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമഞ്ചായത്തിൽ തൻവർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2020-21 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | ഫ്ലഡ് -മോസ്കോ കുവം റോഡ്പുനരുദ്ധാരണം | 2 | 2500 | 5000 |
| 2 | വിയറ്റ്നാം-ചേന്നുരുത്ത് റോഡ് പുനരുദ്ധാരണം (ഫ്ലഡ്) | 1 | 1697 | 1697 |
| 3 | തോട്ടകം -കെ.വി കനാൽറോഡ്പുനരുദ്ധാരണം(ഫ്ലഡ്) | 1 | 1245 | 1245 |
| 4 | മൈലാത്തുപള്ളി-വെൺപറമ്പ് റോഡ്(ഫ്ലഡ്) | 2 | 1250 | 2500 |
| 5 | മാരാംവീട് ഇട ഉല്ലല റോഡ് (ഫ്ലഡ്) | 2 | 1247 | 2494 |
| 6 | മൈലാത്തുപള്ളി- വെൺപറമ്പ് റോഡ് (സി.എം.എൽ.ആർ.ആർ പി) | 2 | 1785 | 3570 |
| | | | | |
| 7 | മാരാംവീട് ഇട ഉല്ലല റോഡ് (സി.എം.എൽ.ആർ.ആർ പി) | 2 | 2500 | 5000 |
| 8 | സി.എം.എൽ.ആർ.ആർ പി- മാടപ്പള്ളി-മത്തുങ്കൽറോഡ് | 2 | 2500 | 5000 |
| 9 | സി.എം.എൽ.ആർ.ആർ പി- വാക്കേത്തറ-കല്ലുപുരയ്ക്കൽ റോഡ് | 2 | 2500 | 5000 |

| | | | | |
|---|---|---|---|---|
| 10 | സി.എം.എൽ.ആർ.ആർ പി-മറ്റപ്പള്ളി മത്തുങ്കൽറോഡ് | 2 | 2500 | 5000 |
| 11 | സി.എം.എൽ.ആർ.ആർ പി-വാക്കേത്തറ-കല്ലപുരയ്ക്കൽ റോഡ് | 2 | 2500 | 5000 |
| 12 | സി.എം.എൽ.-ആർ.ആർ പി-ചെറുപുന്നച്ചുവട് കുരിശുപള്ളി റോഡ് | 2 | 2500 | 5000 |
| 13 | സി.എം.എൽ.ആർ.ആർ പി-വിയറ്റ്നാം വാഴേക്കാട് റോഡ് | 1 | 2500 | 2500 |
| 14 | 148/21<br>കരുവേലി കോളേജ് റോഡ് | 2 | 1250 | 2500 |
| 15 | 141/21<br>പുത്തൻതറ കുറിച്ചിക്കുന്ന്റോഡ് | 3 | 1295 | 3885 |
| 16 | 137/21<br>മാടപ്പള്ളിക്കാട്-ചാലപ്പീടിക റോഡ് | 3 | 1293 | 3879 |
| 17 | 147/21<br>ഞൊടിയപ്പള്ളി മാടപ്പള്ളി റോഡ് | 3 | 937 | 2817 |
| 18 | 130/21<br>മാരാംവീട്-യക്ഷിയമ്പലംറോഡ് | 2 | 1160 | 2320 |
| 19 | 101/21<br>വിവിധ അങ്കനവാടിമെയിന്റനൻസ് | 2 | 1250 | 2500 |
| 20 | ടേക്ക് എ ബ്രേക്ക് ഇലഞ്ഞിച്ചുവട് ഭാഗം | 1 | 1268 | 1268 |
| ആകെ | | | | 68175/- |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഇതനുസരിച്ച് എസ്.ബി.ഐ. ഉല്ലല ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C3806538278 ). അക്കൗണ്ടുകൾ തമ്മിൽ മാപ്പിംഗ് നടത്തിയിട്ടുള്ളതിനാൽ ടെൻഡർ ഫീസ് ഇനത്തിലുള്ള തുക ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 20-21 വർഷം ഇ-ടെൻഡർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-16 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 29034രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്കുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസ്റ്റിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വൈക്കം സബ്ട്രഷറിയിൽ 799011400003114 നമ്പർ അക്കൗണ്ടിൽ 22/07/21 ൽ 29034രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നം-17/27/7/21) ആദായനികുതി ഇനത്തിൽ കരാറുകാരിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 8942 രൂപയും മറ്റ് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയുമാണെന്ന് മറുപടി ലഭ്യമാക്കി. മറ്റ് പഞ്ചായത്തുകളിൽ നിന്ന്

ഏത് ആവശ്യത്തിന് ലഭിച്ച തുകയാണെന്ന് വ്യക്തമല്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത ആദായനികുതി യഥാസമയം അടവാക്കാത്തതിന് ആദായനികുതി വകുപ്പിൽ നിന്ന് ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥ ഉത്തരവാദിയായിരിക്കുന്നതാണ്.

## 1-17 വക്കീൽ ഫീസ് നൽകൽ- അധികം നൽകി

വൗച്ചർ നം-22000056/02.05.20

തുക 22000

വഴിയരികിൽ നിയമവിരുദ്ധമായി നടത്തിയിരുന്ന തട്ട് കട നീക്കം ചെയ്തതിനെ തുടർന്ന് ഹൈക്കോടതിയിൽ നടന്ന വ്യവഹാര നടപടികൾക്കായി (WPC No.4058/20) ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വ. എസ്. രാജ്മോഹന് ടിയാളുടെ അപേക്ഷ പരിഗണിച്ച് 22000 രൂപ വക്കീൽ ഫീസായി നൽകിയിട്ടുണ്ട്.

18/02/16 ലെ സ.ഉ(എം.എസ്)36/16/ത.സ്വ.ഭ.വ പ്രകാരം കേസ് നടത്തിപ്പിനായി ഒരു കേസിന് വക്കീലിന് നൽകാവുന്ന പരമാവധി ഫീസ് 15000 രൂപയാണ്. വകുപ്പ് അധ്യക്ഷന്റെ അനുമതിയോട് കൂടി 50000 രൂപ വരെ അനുവദിക്കാമെന്നുണ്ടെങ്കിലും അനുമതി തേടിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വക്കീൽ ഫീസ് ഇനത്തിൽ അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.09/25.07.2021) മറുപടി ലഭ്യമായില്ല. ആയതിനാൽ അധികമായി നൽകിയ തുകയ്ക്ക് വകുപ്പദ്ധ്യക്ഷനിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. ആയതിലേയ്ക്ക് 7000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- കട്ടിലുകൾ ലഭിച്ചിട്ടില്ല- 87000/- രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് : നം.44/2021 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പട്ടികജാതി)

ചെലവ് : 87000/-,(ഇൻവോയിസ് നം-195/20-21/13.03.2021)

ബിൽ നമ്പർ : 22/2021/30.03.21,

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയിൽ 20 കട്ടിലിന്റെ വിലയായ 87000 /- രൂപ( എസ് സി പി ഫണ്ട്) സർക്കാർ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ന്റെ കാനറബാങ്കിലുള്ള അക്കൗണ്ടിൽ (A/C No-43101010005360) 30.03.2021 ന് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തുക സ്ഥാപനത്തിന് കൈമാറി നാല് മാസങ്ങൾ പിന്നിട്ടിട്ടും സ്ഥാപനത്തിൽനിന്നും കട്ടിൽ ലഭ്യമായിട്ടില്ല എന്നു കാണുന്നു. മേൽവിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 27.07.21 (15/21) ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കൾക്ക് കട്ടിൽലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിൽ നിന്നും കട്ടിൽ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ഇതിനായി നടത്തിയ 87000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 (എ) വയോജനങ്ങൾക്ക് കട്ടിൽ-വിതരണ വിവരം ലഭ്യമല്ല-130500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് : വയോജനങ്ങൾക്ക് കട്ടിൽ വിതരണം, (ജനറൽവിഭാഗം)

പ്രോജക്റ്റ് നമ്പർ :, 90/21

ചെലവ് : 130500/-(ഇൻവോയിസ് നം-194/20-21/13.03.2021)

ബിൽ നമ്പർ : 22/2021/30.03.21

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയിൽ 30 കട്ടിലിന്റെ വിലയായ 130500/-രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കാനറബാങ്കിലുള്ള അക്കൗണ്ടിൽ (A/C No-43101010005360) 30.03.2021 ന് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ നാളിതുവരെ കട്ടിൽ ലഭ്യമായതിന്റെയും ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതിന്റയോ രേഖകൾ ലഭ്യമായില്ല. ഇതു സംബന്ധിച്ച് 27.07.21 ന് (15/21)നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കൾക്ക് കട്ടിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 130500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്ഥാപനത്തിൽ നിന്നും കട്ടിൽ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വെള്ളക്കരം ഇനത്തിൽ വലിയ കുടിശ്ശിക

| | |
|---|---|
| പ്രോജക്ട് | 5/21 വെള്ളക്കരം തിരിച്ചടവ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 729756 |

മേൽ പ്രോജക്ട് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഓരോ മാസവും 60,813/-രൂപ വീതമാണ് ഗ്രാമപഞ്ചായത്ത് അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റനുസരിച്ച് 139 പൊതുടാപ്പുകൾക്ക് ടാപ്പൊന്നിന് പ്രതിവർഷം 5,250/- രൂപ നിരക്കിൽ 7,29,756/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെയുള്ള തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതെങ്കിലും അതാത് മാസത്തെ തുക മാത്രമേ പഞ്ചായത്ത് അടവാക്കിപ്പോരുന്നുള്ളൂ.

കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 29.03.21 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 5628388 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വാട്ടർ അതോറിറ്റിയുടെ 50131/8.03.21 നമ്പർ ബിൽ പ്രകാരം 5460466രൂപ കുടിശ്ശികയും 107109രൂപ ഫൈനും തൻമാസ വെള്ളക്കരം 60813 രൂപയും ഉൾപ്പെടെ 5628388 രൂപയുടെ ഡിമാന്റ് ലഭ്യമാക്കിയിട്ടുണ്ട് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പരാമർശിച്ചിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. വർഷങ്ങളായി കുടിശ്ശികയും പലിശയും കൂടി ചേർത്ത് ഓരോ മാസവും ഭീമമായി തുക കുടിശ്ശികയുണ്ടെന്ന കാണിച്ച് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നല്കുകയാണ് ചെയ്യുന്നത്.

കുടിശ്ശിക അടവാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഫൈൻ ഇനത്തിൽ മാത്രം ഓരോമാസവും ഒരുലക്ഷം രൂപയിലധികം ബാധ്യത ഉണ്ടാകുന്ന എന്ന് ലഭ്യമായ കണക്കുകളിൽനിന്നും വ്യക്തമാകുന്നു. ഈ വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതും പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതുമാണ്.

കേരള വാട്ടർ അതോറിറ്റി ഉപയോഗശൂന്യമായ ടാപ്പുകൾക്ക് തുക ഈടാക്കുന്നത് പരിഹരിക്കുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി പ്രതിനിധി, പഞ്ചായത്തിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും പഞ്ചായത്ത് ഡയറക്ടർ 21.08.19 ൽ നിർദ്ദേശിച്ചതിന്റ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 10/08/2019 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി നിലവിലെ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ ഭാവിയിൽ വെള്ളക്കരം കുടിശ്ശിക ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയായി മാറുമെന്ന വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ഇലക്ട്രിക്ക് പോസ്റ്റുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 125/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| ചെലവ് | 276000 |
| ബിൽ നമ്പർ | ബിൽ നം33 (Brn 735638/13.11.20) |

ഗ്രാമപഞ്ചായത്തിലെ വാർഡ് 1 വാർഡ് 2 വാർഡ് 15 എന്നിവയിലെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനായി PWD ഇലക്ട്രിക്കൽ വിഭാഗത്തിനെകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി എസ്റ്റിമേറ്റ് നിരക്കിൽ അജിത് പ്രസാദ് കൊല്ലംപറമ്പിൽ മുഹമ്മ എന്ന കരാറുകാരനെ കൊണ്ട് നിർവ്വഹണം നടത്തി .ചെയ്ത പ്രവ്യത്തികൾ അളവ്പുസ്തകത്തിൽ രേഖപ്പെടുത്തി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്

കോൺട്രാക്ടറുടെ ക്ലെയിം-262659

എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുള്ള ഫീസ്-7880

ചെക്ക് മെഷർ ചെയ്തതിനുള്ള ഫീസ്-2627
ആദായനികുതി-2627

കെ ബി ഒ സി ഡബ്ല്യു ഡബ്ല്യു ബോർഡ്-2627
ആകെ-276000

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ് നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക്പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് . ടി ഉത്തരവുകളിലൊന്നും തെരുവുവിളക്കുകളിൽ ലൈറ്റ് സ്ഥാപിക്കുന്നത് പുതിയ ഇലക്ട്രിഫിക്കേഷനായി കരുതി ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്താൻ വ്യവസ്ഥ ഉള്ളതായി കാണുന്നില്ല.

3. മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, വർക്ക് സൂപ്പർവിഷനും, മെഷർമെന്റിനും, ബിൽ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവ്യത്തി മെഷർ ചെയ്തതിനും

ശ്രീ. കെ ജെ ജോർജ്ജ് മെമ്പർ, DLTCE ക്ക് 7880 രൂപയും ചെക്ക് മെഷർ ചെയ്തതിന് ശ്രീ. പി.എൻ. നാരായണൻ മെമ്പർ, DLTCE ക്ക് 2627 രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടിൽ പുതിയതായി വയറിംഗ് പ്രവ്യത്തികൾ ഉൾപ്പെടുന്നില്ല. ആയതിനാൽ ഇലക്ട്രിഫിക്കേഷൻ പ്രവ്യത്തിയായി കണക്കാക്കാനാവില്ല. സർക്കാർ ഉത്തരവ് 2878/2015/LSGD തീയതി 22.09.15 പ്രകാരം പുതിയ വയറിംഗ് പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവ്യത്തി മെഷർ ചെയ്യുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനുമാണ് തുക അനുവദിക്കാവുന്നത്.

4.മേൽ പ്രോജക്ട് പ്രകാരം ഏതൊക്കെ പോസ്റ്റുകളിലാണ് ലൈറ്റ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. തൻവർഷം തന്നെ തെരുവുവിളക്കുകളുടെ അറ്റകുറ്റപണി (15/21) എന്നപ്രോജക്ട് പ്രകാരം 650 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം വാർഡ് ഒന്നിൽ 42 ലൈറ്റുകളും വാർഡ് 11 ൽ 20 ലൈറ്റുകളും വാർഡ് 15 ൽ 41 ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട് കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ രണ്ടു പ്രോജക്ടുകളും Overlap വന്നോ എന്നും വ്യക്തമല്ല.

5. ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ വേലമൂല്യം വരുന്ന ടി പ്രവ്യത്തികളുടെ ബില്ലിൽ നിന്നും ജി എസ് റ്റി ഈടാക്കിയിട്ടില്ല. ആദായനികുതിയും വർക്കേഴ്സ് വെൽഫയർ ബോർഡ് വിഹിതവും മാത്രമാണ് കുറവ് ചെയ്തത്.നിശ്ചിത നിരക്കിൽ നികുതി കുറവ് ചെയ്യാത്തതിന്റെ കാരണം ബോദ്ധ്യപ്പെടുത്തുകയോ കരാറുകാർ നികുതി ബാധ്യത സ്വന്തം നിലയിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

അപാകതകൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.13/27.07.2021) വൈദ്യുതീകരണപദ്ധതികളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഡിഎൽടിസിഇ സംവിധാനം വഴി പ്രവ്യത്തി ചെയ്തതിലൂടെ സാമ്പത്തിക നഷ്ടം സംഭവിച്ചില്ല എന്നും കരാറുകാരൻ ജി എസ് റ്റി അടച്ചിട്ടുണ്ടെന്നും മറുപടി

ലഭ്യമാക്കി. എന്നാൽ മേൽ അപാകതകൾക്ക് രേഖാമൂലമുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടിന് ചെലവഴിച്ച 276000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ആയുർവേദാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല-88480 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് | ചെലവ് / ബിൽ നം. | |
|---|---|---|
| 25/20-21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 250000 വികസന ഫണ്ട് (ജനറൽ) | 200000 ജില്ലാ പഞ്ചായത്ത് വിഹിതം 01/20-21 20.11.2020 02/20-21 22.1.2021 05/20-21 12.03.21 | 68980 രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. |
| 241/20-21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ രണ്ടാം ഘട്ടം | 19500 മെയ്ന്റൻസ് ഫണ്ട് റോഡിതരം 04/20-21 25.02.21 | 19500 രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. |

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയിട്ടുള്ള മേൽ പ്രോജക്ടുകൾ പ്രകാരം ആയുർവേദാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 469500 രൂപ ഔഷധി തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൈമാറിയിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 88480 രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല എന്നു കണ്ടു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.07.21) ലഭ്യമാക്കിയ മറുപടിയിൽ 62088 രൂപയുടെ മരുന്നുകൾ അഡ്വാൻസായി ലഭ്യമായതായി അറിയിച്ചു. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 88480 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - ലഭ്യമാകാത്ത മരുന്നുകളുടെ വിലയിനത്തിലുള്ള 70220/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | 21/20-21 ഹോമിയോആശുപത്രിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 244/20-21 ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ചെലവ് | 150000 | 20220 |
| ഫണ്ട് | മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) | മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) |

| | | |
|---|---|---|
| ബിൽ നം. | 21/2021<br>22.10.2020 | 8/2020-21<br>08.03.2021 |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് മേൽ പ്രോജക്ടുകൾ പ്രകാരം യഥാക്രമം 150000/- രൂപ (22.10.20 തീയതിയിൽ),20220- (08.03.2021 തീയതിയിൽ) എന്നീ തുകകൾ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് കണ്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/21.7.21) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ലഭ്യമായിട്ടില്ലാത്ത മരുന്നുകളുടെ വിലയിനത്തിലുള്ള 170220/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പാലിയേറ്റീവ് പരിചരണം- ലഭ്യമാകാത്ത മരുന്നുകൾ /ഉപകരണങ്ങളുടെ വിലയിനത്തിലുള്ള 75113 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം (100/2020-21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) |
| അടങ്കൽ തുക | 500000 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം). |
| ആകെ പ്രോജക്ട് ചെലവ് | 499291/- |

മേൽ പ്രോജക്ടിന്റെ ഭാഗമായി 57,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു (08.03.21 ലെ ബിൽ നമ്പർ 11/20-21പ്രകാരം).എന്നാൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മരുന്ന ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ,മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ 18.02.21 ലെ 8 - ):ം നമ്പർ ബിൽ പ്രകാരം 59866 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്രെഡിറ്റ് ചെയ്തിരുന്നു. മേൽ ഉപകരണങ്ങളിൽ 9 എയർ ബെഡുകൾ ഓഡിറ്റ് തീയതിവരെ ലഭ്യമായിട്ടില്ല. (18113/- രൂപ). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/24-7-21)മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട്പ്രകാരം കൈമാറിയ തുകയിൽ ലഭ്യമായിട്ടില്ലാത്ത മരുന്നുകളുടേയും ഉപകരണങ്ങളുടേയും വിലയിനത്തിലുള്ള 75113 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ടെണ്ടർ കുറവ് നടത്തിയില്ല- കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എൻജിനിയർ

2020-21വർഷം നിർവ്വഹിച്ച താഴെപ്പറയുന്ന പ്രവർത്തി പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്ട് നം | കോൺട്രാക്ടർ | ആകെ വേലമൂല്യം | ടെൻഡർ ഡിഡക്ഷൻ | കുറവ് ചെയ്യേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 81/21 116-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിലും ഗേറ്റും, മുറ്റം മണ്ണിട്ടുയർത്തലും | ശ്രീ. പി കെ .ഷാജി | 266197 | 8.5% Below | 22627 | 200000 ബിൽ നം 3/20.04.20<br>74142 ബിൽ നം 24/25.05.20<br>24000 ചെക്ക് നം 1650364/30.03.20 |

| | | | | | |
|---|---|---|---|---|---|
| | | | | | (2019-20) |

ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 22627 രൂപ അധികം നൽകി. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.14/27.07.2021) തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകി. അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-25 വിതരണ രേഖകൾ ലഭ്യമായില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളുടെ വിതരണ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

| പ്രോജക്ട് | ചെലവ് | അപാകത | ബിൽ നമ്പർ |
|---|---|---|---|
| 9/21 സമഗ്രവാഴകൃഷി വികസനം | 75000 | 4167വാഴവിത്ത് വാങ്ങിയിട്ടുണ്ട് . വിതരണ രജിസ്റ്ററിൽ 15 പേരുടെ വിതരണം രേഖപ്പെടുത്തിയിട്ടുണ്ട് . വിസ്തീർണ്ണത്തിനാനുപാതികമായാണോ എന്ന് വ്യക്തമല്ല | THLMP9/20-21/12.01.21 |
| 18/21പച്ചക്കറിതൈ വിതരണം | 90300 | 125 തൈകൾ വാങ്ങിയിട്ടുണ്ട് . വിതരണവിവരം ലഭ്യമല്ല | THLM P12/20-21/5.03.21 |

വിതരണവിവരം ലഭ്യമല്ലാത്തതിനാൽ ടി പ്രോജക്ടുകൾക്ക് ചെലവഴിച്ച 165300 രൂപ തടസപ്പെടുത്തുന്നു.

## 1-26 എബിസി പ്രോജക്ട് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് -114/21

ചെലവ് -210000 ബിൽ 27/28.10.20

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്കായി ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 210000/- രൂപ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നടത്തുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക്പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/20-21) നൽകിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 210000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-27 വിവിധ നിക്ഷേപപ്രവൃത്തികൾ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1.കരാറിലേർപ്പെടാതെ തുക കൈമാറി

2020-21സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റി, പി ഡബ്ള്യുഡി എന്നീ സ്ഥാപനങ്ങളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് ഫണ്ടിനം , | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 124/21 | തെരുവ് | കെ എസ് ഇ | 125000ധനകാര്യ | 32/24.11.21(BRN |

| | | | | |
|---|---|---|---|---|
| | വിളക്ക് ലൈൻ വലിക്കൽ | ബി,തലയാഴം | കമ്മീഷൻ ഗ്രാന്റ് 50000 തനത് ഫണ്ട് | 735636/13.11.20 ) ചെക്ക് നം- XY 2077326/23/11/2020 |
| 172/21 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ കടുത്തുരുത്തി | 2210771 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 53/10.03.21 (BRN 122652) |
| 188/21 | ആയുർവേദ ഹോമിയോ ആശുപത്രിക്ക് വാട്ടർ കണക്ഷൻ | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ കടുത്തുരുത്തി | 44000 വികസനഫണ്ട് (പൊതു വിഭാഗം) | 2/17.04.20 (BRN557624/25.09.20) |
| ആകെ | | | 2429771 | |

നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത് എന്നാൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തി ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല.

പ്രവൃത്തികൾ പൂർത്തീകരിച്ച വിവരവും ധനവിനിയോഗ രേഖകളും നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം 10) നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടവും കോവിഡ് മഹാമാരിയും കാരണമാണ് കരാറിലേർപ്പെടാൻ സാധിക്കാഞ്ഞതെന്നും പ്രോജക്ടുകൾ നടന്നുവരികയാണെന്നും മറുപടി ലഭ്യമാക്കി.

നടപടികൾ സ്വീകരിച്ച് പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 2429771/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2. പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല

വൈദ്യുതലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഓരോ വാർഷികപദ്ധതിയിലും ഭീമമായ തുക വൈദ്യുതബോർഡിൽ നിക്ഷേപിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിലെ വൈദ്യുതലൈനുകൾ, സ്ട്രീറ്റ്ലൈറ്റ് ലൈൻ, തുടങ്ങി വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷവും ഏതെല്ലാം പ്രദേശത്തേയ്ക്ക് ലൈൻ ദീർഘിപ്പിക്കുന്ന തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ചെലവഴിക്കുന്ന തുക ആവശ്യാധിഷ്ഠിതമാണോ എന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

## 1-28 പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ലഭിച്ച 3,665,648/-രൂപയുടെ വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു..

31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 3 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പല ഗ്രാന്റുകളും എന്താവശ്യത്തിനാണ് ലഭിച്ചത് എന്നത് സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | അങ്കണവാടി പോഷകാഹാരം | 871913 |
| 2 | ശുചിത്വമിഷൻ ഫണ്ട് | 24,524 |
| 3 | പ്രത്യേകാവശ്യ ഗ്രാന്റ് | 422,000 |
| 4 | സംയുക്ത പ്രോജക്ട് (ബ്ലോക്ക് | 760000 |

| | | |
|---|---|---|
| | വിഹിതം) | |
| 5 | സംയുക്ത പ്രോജക്ട്<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | 1,062352 |
| 6 | ടോട്ടൽ സാനിറ്റേഷൻ | 353674 |
| 7 | നിർമ്മൽ പുരസ്കാർ | 171,455 |
| | ആകെ | 3,665,648/- |

മേൽ വിവരിച്ച ഗ്രാന്റുകൾ ()ആകെത്തുക 3,665,648/-ലക്ഷം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. 2019-2020, 2020-21 വർഷങ്ങളിൽ പരാമർശിച്ചിട്ടുള്ള ശീർഷകങ്ങളിൽ ലഭിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ ,ഏതൊക്കെ പ്രോജക്റ്റുകൾക്ക വേണ്ടി ചെലവഴിച്ചു എന്നതിന്റ വിവരങ്ങൾ, രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഗ്രാന്റുകൾ ചെലവഴിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ചിട്ടുണ്ടങ്കിൽ പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (12/21) മറുപടിലഭിച്ചില്ല. പ്രത്യേക ആവശ്യങ്ങൾക്ക വേണ്ടി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കുന്നതിന് തുടർ വർഷങ്ങളിൽ പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

–

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എൻജിനിയർ

2020-21വർഷം നിർവ്വഹിച്ച താഴെപ്പറയുന്ന പ്രവർത്തി പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്ട് നം | കോൺട്രാക്ടർ | ആകെ വേലമൂല്യം | ടെൻഡർ ഡിഡക്ഷൻ | കുറവ് ചെയ്യേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 81/21 116-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിലും ഗേറ്റും, മുറ്റം മണ്ണിട്ടുയർത്തലും | ശ്രീ. പി കെ .ഷാജി | 266197 | 8.5% Below | 22627 | 200000 ബിൽ നം 3/20.04.20<br>74142 ബിൽ നം 24/25.05.20<br>24000 ചെക്ക് നം 1650364/30.03.20 (2019-20) |

ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 22627 രൂപ അധികം നൽകി. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേക്ഷണക്കുറിപ്പിന്(നം.14/27.07.2021) തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകി. അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ തീയതി |
|---|---|
| 2020-21 | 22.07.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അകൗണ്ട് ബാലൻസ് ഷീറ്റ് ,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് ,ഓഡിറ്റ് സാക്ഷ്യപത്രം എന്നിവ അനുബന്ധമായിചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം.

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച തീയതി | ലഭിച്ചതുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 582160 | സമഗ്രനെൽകൃഷി വികസനം(പ്രോജക്റ്റ്നം -75/21) | 582160 | 0 |
| | | 1100000 | ലൈഫ് ഭവന പദ്ധി ജനറൽ (പ്രോജക്റ്റ് നം-87/21) | 1100000 | 0 |
| | | 197000 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും(പ്രോജക്റ്റ് നം45/21) | 197000 | 0 |
| | | 50000 | അംഗനവാടികളിൽ പോഷകാഹാരം(പ്രോജക്റ്റ് നം-89/21) | 50000 | |
| ആകെ തുക | | 1,929,160 | | 1,929,160 | |
| | | | | | |
| ജില്ലാ പഞ്ചായത്ത് | | 200000 | ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ്നം-25/21) | 200000 | 0 |
| | | 155900 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ളസ്കോളർഷിപ്പും ബത്തയും(പ്രോജക്റ്റ് നം-45/21) | 155900 | 0 |
| ആകെ തുക | | 355900 | | 355900 | |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| ക്രമനം | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക | ചെക്ക് നം | സ്ഥാപനം |
|---|---|---|---|---|---|
| 1 | 188/21 | തലയാഴം ആയുർവേദം, ഹോമിയോ ആശുപത്രിക്ക് വാട്ടർ കണക്ഷൻ | 44000/- (വികസനഫണ്ട് | 2/17.04.20 (BRN557624/25.09.20) | കേരള വാട്ടർ അതോറിറ്റി |
| 2 | 172/21 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 2,210,771/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് | 53/10.03.21 (BRN 122652) | |
| 3 | 124/21 | തെരുവ് | 125000/- | 32/24.11.21(BRN | കെ എസ് |

| | | | | | |
|---|---|---|---|---|---|
| | | വിളക്ക് ലൈൻ നീട്ടൽ | (ധനകാര്യകമ്മിഷൻ ഗ്രാന്റ്) 50000/-(തനത് ഫണ്ട്) | 735636/13.11.20 ) ചെക്ക് നം- XY 2077326/23/11/2020 | ഇ ബി |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ ഉ (സാധാ) 359/17തസ്വഭവ, 08.02.2017 | - | 16,992,962 | 1,623,962 | - | 15,369,000 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-9 സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകകൾ ഒന്നു ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പൾപ്പെടെ) | 88404751 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70,311,535 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്തതുക | 22627 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3539384 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-24 | 22627 | സജിത സി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 7000 | കെ.സുരേഷ് കുമാർ, സെക്രട്ടറി |
| 1-18 | 87,000 | ശ്രീവിദ്യ എൽ, |
| 1-18 എ | 130,500 | ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-20 | 276,000 | എസ് ദേവിപാർവ്വതി , സെക്രട്ടറി |
| 1-21 | 88,480 | ഡോ.ധന്യ രവി മെഡിക്കൽഓഫീസർ (ആയുർവേദം) |
| 1-22 | 70,220 | ഡോ.ശ്രീദേവി കെ സ് മെഡിക്കൽഓഫീസർ (ഹോമിയോ) |
| 1-23 | 75,113 | ഡോ. ജോൽസ്ന ബഷീർ മെഡിക്കൽഓഫീസർ (പി എച്ച് സി) |
| 1-25 | 165,300 | രേഷ്മ ഗോപി കൃഷി ഓഫീസർ |
| 1-26 | 210,000 | എസ് ദേവിപാർവ്വതി , |
| | | സെക്രട്ടറി |
| 1-27 (A) | 44000 | കെ.സുരേഷ് കുമാർ, സെക്രട്ടറി |
| 1-27 (B) | 2385771 | എസ് ദേവിപാർവ്വതി , സെക്രട്ടറി |
| ആകെ | 3539384 | |

(സി) കേന്ദ്ര സംസ്ഥാനസർക്കാറുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ഡി)

നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*-ഇല്ല

(ഇ)

റിപ്പോർട്ടിൽ പ്രതിപാതിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിര മേൽ വിലാസവും.

| പേരും,ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| സജിത സി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തലയാഴം ഗ്രാമപഞ്ചായത്ത് | അത്തിക്കാട്, എസ്.എൽ പുരം പി.ഒ , ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(1)/2018/08.01.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(2)/2018/ 08.01.2018 | 5 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(3)/2018/ 08.01.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(4)/2018/ 08.01.2018 | 13 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(5)/2018/ 08.01.2018 | 4 |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(6)/2018/08.01.2018 | 14 |
| 2010-2011 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(7)/2018/08.01.2018 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(8)/2018/08.01.2018 | 9 |
| 2012-13 | എൽ.എഫ്.കെ.പി6/1626/15/12.5.16 | 9 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/587/15/18.08.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/723/16/23.02.17 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/706/18/27.04.18 | 24 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1268/17/29.12.17 | 17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/148/19/03.05.19 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി6/1960/19/4.02.2020 | 34 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്